**നം.കെ.എസ്.എ-കെ.ടി.എം.പി3/957/2016 തീയതി: 11.07.2016**

## കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**കോട്ടയം** ജില്ലയിലെ **വാകത്താനം** ഗ്രാമപഞ്ചായത്തിന്റെ **2014-15** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.5.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 28.6.16 മുതൽ 7.7.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി എം.കൊച്ചുമോൾ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ജോർജ്ജുകുട്ടി ജോസഫ് | ഓഡിറ്റർ |
| | | ശ്രീ.ആർ.യോഗേഷ് | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി മറിയാമ്മ തോമസ് | 1.4.14 മുതൽ 3.12.14 വരെ |
| | | ശ്രീ.ജോഷി ഫിലിപ്പ് | 4.12.14 മുതൽ 21.12.14 വരെ |
| | | ശ്രീമതി ഓമന ജോർജ്ജുകുട്ടി | 22.12.14 മുതൽ 31.3.15 വരെ |
| സെക്രട്ടറി | : | ശ്രീ.രാജ്കുമാർ | 1.4.14 മുതൽ 9.6.14 വരെ |
| | | ശ്രീ.സി.പി.വേണുഗോപാൽ (സെക്രട്ടറി ഇൻ ചാർജ്) | 10.6.14 മുതൽ 24.7.14 |
| | | ശ്രീമതി സുജ മാത്യു (സെക്രട്ടറി ഇൻ ചാർജ്) | 25.7.14 മുതൽ 12.8.14 വരെ |
| | | ശ്രീ.അംബീശൻ ബി.എൻ. | 13.8.14 മുതൽ 1.12.14 വരെ |
| | | ശ്രീമതി സുജ മാത്യു (സെക്രട്ടറി ഇൻ ചാർജ്) | 2.12.14 മുതൽ 31.3.15 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ശ്രീമതി രശ്മി എസ്.കുമാര് | അസിസ്റ്റന്റ് എഞ്ചിനിയര് | 1.4.14 മുതല് 31.3.15 വരെ |
| ഡോ.ഫെലിസിറ്റ പ്രോത്താസിസ് | സീനിയര് വെറ്ററിനറി സര്ജന് | 1.4.14 മുതല് 31.3.15 വരെ |
| ശ്രീമതി ബിന്ദു റ്റി. | കൃഷി ഓഫീസര് | 1.4.14 മുതല് 31.3.15 വരെ |
| ഡോ.ലൗലി ഫിലിപ്പ് | മെഡിക്കല് ഓഫീസര്, ആയുര്വേദം | 1.4.14 മുതല് 31.3.15 വരെ |
| ഡോ.ലീന ജാസ്മിന് | മെഡിക്കല് ഓഫീസര്, ഹോമിയോ | 1.4.14 മുതല് 31.3.15 വരെ |
| ഡോ.ഷീജ തങ്കപ്പന് | മെഡിക്കല് ഓഫീസര്, പി.എച്ച്.സി | 1.4.14 മുതല് 31.3.15 വരെ |
| ശ്രീമതി സുജ മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 1.4.14 മുതല് 31.3.15 വരെ |
| ശ്രീമതി രശ്മി റ്റി.എസ്. | ഐ.സിഡി.എസ്. സൂപ്പര്വൈസര് | 1.4.14 മുതല് 27.8.14 വരെ |
| ശ്രീമതി അന്ന കെ.ഒ. | ഐ.സിഡി.എസ്. സൂപ്പര്വൈസര് | 28.8.14 മുതല് 31.3.15 വരെ |
| ശ്രീമതി ഷൈല ഇ. | വി.ഇ.ഒ | 1.4.14 മുതല് 11.1.15 വരെ |
| ശ്രീ.ഷെമീര് എസ്.കെ. | വി.ഇ.ഒ | 12.1.15 മുതല് 31.3.15 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പര് | വിഷയം |
|---|---|
| | **ഭാഗം 1 പൊതു അവലോകനം** |
| 1-1 | ബജറ്റ് |
| 1-2 | വാര്ഷിക ധനകാര്യപത്രിക |
| 1-3 | വാര്ഷിക ധനകാര്യപത്രിക പരിശോധിച്ച് സര്ട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികള് |
| 1-9 | ക്യാഷ് വെരിഫിക്കേഷന് |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകള് നടത്തിയതിന്റെ വിവരം |
| | **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള്** |
| 2-1 | വാര്ഷികകണക്കുകളുടെ അവലോകനം |
| 2-2 | ഫിറ്റ്നസ്സ് സര്ട്ടിഫിക്കറ്റ്-സൂപ്പര്വിഷന് ചാര്ജ് ഇനത്തില് ലഭിച്ച തുക സര്ക്കാരിലേക്ക് അടച്ചിട്ടില്ല |
| 2-3-1 | വസ്തുനികുതിയിനത്തില് വന്കുടിശ്ശിക |
| 2-3-2 | കെട്ടിടങ്ങള്ക്ക് അനര്ഹമായ വസ്തുനികുതി ഇളവ് നല്കുന്നു |
| 2-4-1 | അര്ദ്ധവാര്ഷിക വരുമാനത്തിനനുസൃതമായി തൊഴില്നികുതി ഈടാക്കിയില്ല |
| 2-4-2 | സ്ഥാപന തൊഴില്നികുതി ഈടാക്കിയില്ല |
| 2-4-3 | ജീവനക്കാരുടെ തൊഴില്നികുതി ഈടാക്കിയില്ല |
| 2-4-4 | സ്വകാര്യധനവിനിമയ സ്ഥാപനങ്ങളില് നിന്നും തൊഴില്നികുതിയും, സ്ഥാപന തൊഴില്നികുതിയും ഈടാക്കുന്നില്ല |

| | |
|---|---|
| 2-5 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ഡി & ഒ ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നു |
| | **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 3-1 | പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു |
| 3-2 | ഇ.എം.എസ്.ഭവനപദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-3 | ആശ്രയ പദ്ധതി-വികസനഫണ്ട് വിഹിതം സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-4 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-5 | എസ്.ടി.ഭവനം വൈദ്യുതീകരണം-വിശദാംശങ്ങൾ ലഭ്യമല്ല |
| 3-6 | വീട് പുനരുദ്ധാരണം പ്രോജക്ടുകൾ-വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കേണ്ടതാണ് |
| 3-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2014-15 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2014-15 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2014-15 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 21.2.14 തീയതിയിലെ 1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 6444940 |
| വരവ് | 58251575 |
| ആകെ | 64696515 |
| ചെലവ് | 62816575 |
| | |

| | |
|---|---|
| നീക്കിയിരുപ്പ് | 1879940 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.15 | 29.07.15 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 28.10.15 | കെ.എസ്.എ-കെ.ടി.എം.പി 14/ ജി.പി.66/14, 31.12.15 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12990891.50 |
| വരവ് | 69551360 |
| ആകെ | 82542251.50 |
| ചെലവ് | 60451538 |
| നീക്കിയിരിപ്പ് | 22090713.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2212256 | 11484000 | 13696256 | 11744210 | 1952046 | 85.75% |
| വികസനഫണ്ട് എസ്.സി.പി. | 2582890 | 3375000 | 5957890 | 1916667 | 4041223 | 32.17% |
| വികസനഫണ്ട് ടി.എസ്.പി. | 246741 | 330000 | 576741 | 387100 | 189641 | 67.12 |
| സംരക്ഷണഗ്രാന്റ് റോഡ് | 843509 | 4109000 | 4952509 | 4453911 | 498598 | 89.93 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1626436.5 | 3787409 | 5413845.5 | 4193372 | 1220473.50 | 77.46 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 260949 | 7542867 | 7803816 | 6941548 | 862268 | 88.95 |
| പെർഫോമൻസ് ഗ്രാന്റ് | 851040 | 3613000 | 4464040 | 847561 | 3616479 | 18.99 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | (എണ്ണം) | ശതമാനം |
| 199 | 62483036 | 164 | 32314626 | 10 | 25 | 88 |

**<u>നേട്ടങ്ങൾ</u>**

ഉൽപ്പാദനമേഖലയിൽ കൃഷി, മൃഗസംരക്ഷണം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയപ്രോജക്ടുകളും സേവനമേഖലയിൽ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്നുവാങ്ങൽ, വീട് ഗുണമേന്മ വർദ്ധനവ്, വിവിധ സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ, അംഗൻവാടികളുടെ അടിസ്ഥാനസൗകര്യവികസനം, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകളും പശ്ചാത്തലമേഖലയിൽ വിവിധ ഗ്രാമീണ റോഡുകളുടെ ടാറിംഗ്, റീടാറിംഗ്, തെരുവുവിളക്ക് വാങ്ങൽ തുടങ്ങിയവയാണ് നടപ്പിലാക്കിയത്.

**<u>കോട്ടങ്ങൾ</u>**

ആശ്രയ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല. പട്ടികജാതി വിഭാഗം സേവനമേഖലയിൽ ആവിഷ്ക്കരിച്ച പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.03% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3149357 | 4094819 | 945462 | (+)30% |
| നികുതിയേതര വരവുകൾ | 1222990 | 1666519 | 443529 | (+)36.26% |
| മറ്റുവരവുകൾ | 11413 | 11757 | 344 | (+).03% |
| ആകെ | 4383760 | 5773095 | 1389335 | 31.69% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 291360 | 178 |
| കർഷകതൊഴിലാളി പെൻഷൻ | 6351360 | 912 |
| വിധവാപെൻഷൻ | 4198854 | 449 |
| വാർദ്ധക്യകാലപെൻഷൻ | 2598345 | 314 |
| വികലാംഗപെൻഷൻ | 2502002 | 248 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 293895 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 190000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.7.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17160/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വരവിനങ്ങളായ തൊഴിൽ നികുതി, വാടക എന്നിവയുടെ രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ വാർഡുതലത്തിലുള്ള ഡിമാൻഡുകൾ തയാറാക്കാതെ ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്നവരുടെ ക്രമത്തിൽ പോസ്റ്റിംഗുകൾ നടത്തിയിരിക്കുന്നു. വൗച്ചറുകൾ ബയന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ,വാട്ടർചാർജ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.5.16&25.5.16 | 4/2016 | 22.6.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2008-09 മുതൽ 2012-13വരെ | 1.11.13-25.11.13 | LBA(HQ)11/8A/2037/32 dt 4.2.2014 |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷികകണക്കുകളുടെ അവലോകനം

പഞ്ചായത്തിന്റെ വാർഷിക കണക്കുൾ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഓഡിറ്റ് സമയത്തെ പരിശോധനയിൽ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്ന അപാകതകൾ ചുവടെചേർക്കുന്നു

1) വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള കിട്ടാനുള്ള തുകകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

2) 26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

### 2-2 ഫിറ്റ്നസ് സർട്ടിഫിക്കറ്റ്-സൂപ്പർവിഷൻചാർജ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സെന്റ് ജോർജ് യു.പി.എസ്. തോട്ടയ്ക്കാട് എന്ന സ്ഥാപനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൂപ്പർവിഷൻ ചാർജായി 240554/-രൂപ വരവുവന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കിയ പ്രസ്തുത ഫീസ് സർക്കാരിലേക്ക് അടച്ചിട്ടില്ല. ആയത് സർക്കാരിലേക്ക് അടവാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3-1 വസ്തുനികുതിയിനത്തിൽ വൻകുടിശ്ശിക

2014-15 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബി15 ഷെഡ്യൂൾ പ്രകാരം തന്നാണ്ടും മുൻവർഷക്കുടിശ്ശികയും ഉൾപ്പെടെ 41 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് വസ്തുനികുതി കുടിശ്ശികയിനത്തിൽ ലഭിയ്ക്കുവാനുണ്ട്. 2014-15 വരെ കുടിശ്ശികയായ തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുമാണ്.

### 2-3-2 കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതി ഇളവ് നൽകുന്നു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ-പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെടാത്ത കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്ക് പുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം |
|---|---|---|
| 1 | I/165 | പ്രസിഡന്റ്, മഹിളാസമാജം |
| 2 | I/165 A | പ്രസിഡന്റ്, മഹിളാസമാജം |
| 3 | VII/213 | സെക്രട്ടറി, സഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ് |
| 4 | X/297 | പ്രസിഡന്റ്/സെക്രട്ടറി, ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം.K 186 D |
| 5 | XI/364 A | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 6 | XIII/579 A | ജില്ലാ പോലീസ് മേധാവി, പോലീസ് സ്റ്റേഷൻ |
| 7 | XVI/252 | സെക്രട്ടറി, കോ-ഓപ്പറേറ്റീവ് ബാങ്ക്, നാലുന്നാക്കൽ |
| 8 | XX/135 | എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/04.07.16) മറുപടിയായി മേൽ സൂചിപ്പിച്ച കെട്ടിട ഉടമകൾക്ക് നിയമ പ്രകാരമുള്ള നികുതി കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിട ഉടമസ്ഥരിൽ നിന്നും ഡിമാന്റ് ചെയ്ത നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-1 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

2014-15 സാമ്പത്തികവർഷം താഴെകൊടുത്തിട്ടുള്ള ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ/ ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| പ്രസീത പരമേശ്വരൻ, വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് | 133439/- | 1250/- | 1000/- | 250/- |
| ജെസ്സിമോൾ സി.എ., JMHSS വാകത്താനം | 126846/- | 1250/- | 1000/- | 250/- |
| അബ്രഹാം ജോർജ്, JMHSS വാകത്താനം | 126846/- | 1250/- | 1000/- | 250/- |

ആകെ കുറവ് - 750/-

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4) തൊഴിൽനികുതിയിൽ കുറവുവന്ന തുക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. തൊഴിൽനികുതിയിൽ കുറവുവന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4-2 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2014-15 സാമ്പത്തികവർഷം സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ., വാകത്താനം | Ist & IInd Half |
| 2 | സർവ്വീസ് സഹകരണബാങ്ക്, വാകത്താനം | Ist Half |
| 3 | MGEMHSS, ഞാലിയാകുഴി | Ist & IInd Half |
| 4 | ഗ്രീഗോറിയൻ സെൻട്രൽ സ്കൂൾ & ജൂനിയർ കോളജ് | Ist & IInd Half |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5) മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-4-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2014-15 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ശ്രീ ശങ്കരനാരായണസ്വാമി ക്ഷേത്രം, തോട്ടയ്ക്കാട് | Ist & IInd Half |
| 2 | റോമൻസ് പൈപ്പ് ഫിറ്റിംഗ്സ് | IInd Half |
| 3 | ഗ്രീഗോറിയൻ സെൻട്രൽ സ്കൂൾ & ജൂനിയർ കോളജ് | Ist & IInd Half |
| 4 | കൈരളി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ | Ist & IInd Half |
| 5 | നന്ദു മോട്ടോർ ഡ്രൈവിംഗ് സ്കൂൾ | Ist & IInd Half |
| 6 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ | Ist & IInd Half |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6) സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-4-4 സ്വകാര്യധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2014-15 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്നു കാണുന്നു.(www.keralataxes.gov.in) വിശദാംശങ്ങൾ ചുവടെ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മംഗലത്ത് ഫൈനാൻസ്, ഞാലിയാകുഴി |
| 2 | കുളത്തുങ്കൽ ബാങ്കേഴ്സ്, ഞാലിയാകുഴി |
| 3 | കരപ്പാറ ചിട്ടി ഫണ്ട്, ഞാലിയാകുഴി |
| 4 | കടന്തോട്ട് ഫൈനാൻസ്, ഞാലിയാകുഴി |
| 5 | വാണിയപ്പുരക്കൽ ഇൻവെസ്റ്റ്മന്റ്സ്, പാലച്ചുവട് |
| 6 | വേപ്പിലയിൽ ഫൈനാൻസിയേഴ്സ്, കണ്ണൻചിറ |
| 7 | ഉള്ളാട്ട് ബാങ്കേഴ്സ്, തോട്ടയ്ക്കാട് |

മേൽ പരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7) സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-5 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ഡി & ഒ ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2014-15 സാമ്പത്തികവർഷം സ്വകാര്യ ആശുപത്രികൾക്കും, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷനും ഡി & ഒ ലൈസൻസും ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നതെന്നു കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ദർശന ഹോമിയോ ക്ലിനിക് |
| 2 | മരിയൻ ഹോമിയോ ക്ലിനിക്, കണ്ണൻചിറ |
| 3 | റാഫാ ഹോമിയോ ക്ലിനിക്, കണ്ണൻചിറ |
| 4 | ശാന്തിഗിരി ആയുർവ്വേദ സിദ്ധവൈദ്യശാല |
| 5 | ഉഷസ്സ് ക്ലിനിക്കൽ ലബോറട്ടറി (രണ്ടു ബ്രാഞ്ചിൽ ഒരെണ്ണത്തിന്റെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല) |
| 6 | ജ്യോതി ക്ലിനിക്കൽ ലബോറട്ടറി(രണ്ടു ബ്രാഞ്ചിൽ ഒരെണ്ണത്തിന്റെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല) |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8) സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും, ഡി & ഒ ലൈസൻസ് നേടിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ച തീയതി /തുക | നിലവിലെ ബാലൻസ് |
|---|---|---|
| ശുചിത്വമിഷൻ(ഉറവിടമാലിന്യസംസ്ക്കരണം) | 4/13 -879052/- | 303877/- |
| സമ്പൂർണ്ണ ശുചിത്വം | 3/2011- 330000/- | 122800/- |
| പൈക്ക പ്രൈസ് മണി | 8/2014 24000/- | 24000/- |

തുകകൾ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

### 3-2 ഇ.എം.എസ് ഭവനപദ്ധതി -വീട്ടിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഇ.എം.എസ്. ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമനം | പേരും വിലാസവും | കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ ഘട്ടം |
|---|---|---|---|
| 1 | ബേബിചാക്കോ, പുളിമൂട്ടിൽപറമ്പിൽ, വാകത്താനം | 67500(3 ഗഡു) | മേൽക്കൂര |
| 2 | പൗലൂസ്, പൊങ്ങലിൽ, ഉമ്പിടി | 67500(3 ഗഡു) | മേൽക്കൂര |
| 3 | സരള ഗോവിന്ദൻ, ചെത്തിമറ്റംകുന്നേൽ, ഇരവുചിറ | 70000(3 ഗഡു) | മേൽക്കൂര |
| 4 | ലീലാമ്മ ജോസഫ്, ഉണ്ണിക്കുഴിയിൽ, പൊങ്ങന്താനം | 67500(3 ഗഡു) | മേൽക്കൂര |

| | | | |
|---|---|---|---|
| 5 | ചാക്കോ യോഹന്നാൻ, ഇരുപത്തേഴിൽ, പൊങ്ങന്താനം | 67500(3 ഗഡു) | മേൽക്കൂര |
| 6 | അന്നമ്മ ജോൺ, പാണ്ടൻ ചിറ, പൊങ്ങന്താനം | 67500(3 ഗഡു) | മേൽക്കൂര |
| 7 | കുഞ്ഞുമോൻ, ചിറയിൽ, പുത്തൻചന്ത | 67500(3 ഗഡു) | മേൽക്കൂര |
| 8 | സാബു എം.ജെ., മുള്ളനളക്കൽ, പൊങ്ങന്താനം | 67500(3 ഗഡു) | മേൽക്കൂര |
| 9 | മറിയം, പള്ളിക്കുന്നേൽ, പൊങ്ങന്താനം | 67500(3 ഗഡു) | മേൽക്കൂര |
| 10 | കുഞ്ഞൂഞ്ഞമ്മ ബാബു, കോട്ടപ്പുറം, പൊങ്ങന്താനം | 62500(3 ഗഡു) | മേൽക്കൂര |
| 11 | എൽസമ്മ ആന്റണി, കാവാലക്കരിച്ചിറ, വാകത്താനം | 67500(3 ഗഡു) | മേൽക്കൂര |
| 12 | സുനിൽ ഇ.ജോൺ, ഇരവുചിറ, ഉമ്പിടി | 67500(3 ഗഡു) | മേൽക്കൂര |
| 13 | ബാബു കെ.ജോസഫ്, കൂട്ടുങ്കൽപറമ്പിൽ, ഉമ്പിടി | 67500(3 ഗഡു) | മേൽക്കൂര |
| 14 | ഓമനക്കുട്ടൻ, വട്ടമല, പരിയാരം | 67500(3 ഗഡു) | മേൽക്കൂര |
| 15 | രാമചന്ദ്രൻ, ഏറത്ത്പരിയാരം, വാകത്താനം | 67500(3 ഗഡു) | മേൽക്കൂര |
| 16 | വിജയകുമാരി, രാമനാട്ട്, വാകത്താനം | 52500(2 ഗഡു) | ഭിത്തി |
| 17 | ഉണ്ണികൃഷ്ണൻ, ഇളയത്തുപറമ്പിൽ, വാകത്താനം | 22500(ഒരു ഗഡു) | അടിത്തറ |
| 18 | ഡാനിയേൽ, തൈപ്പറമ്പിൽ, ഇരവുചിറ | 22500(ഒരു ഗഡു) | അടിത്തറ |
| 19 | പീറ്റർ എം.മാത്യു, മഞ്ഞക്കാലായിൽ, തൃക്കോതമംഗലം | തുക കൈപ്പറ്റിയിട്ടില്ല | |
| 20 | ലളിതാ ബാബു, കാവുങ്കൽ, പുത്തൻചന്ത | തുക കൈപ്പറ്റിയിട്ടില്ല | |
| 21 | സോമരാജൻ, പടിഞ്ഞാറേപീടികയിൽ, തൃക്കോതമംഗലം | 42500 | ഭിത്തി |
| 22 | മത്തായി, പനന്താനം, വാകത്താനം | 92000 | ലഭ്യമല്ല |
| 23 | രമേശൻ പി.ആർ., പന്തമാക്കൽ, ഉമ്പിടി | 80000 | ഭിത്തി |
| 24 | ലീലാമ്മ വാസു, തെക്കേമൂലയിൽ, പൊങ്ങന്താനം | 140000 | ലഭ്യമല്ല |
| 25 | ചാക്കോ ജോസഫ്, പുതുപ്പറമ്പിൽ, പൊങ്ങന്താനം | 125000 | ലിന്റൽ |
| 26 | സാബു പി.എം., പള്ളിക്കുന്നേൽ, പൊങ്ങന്താനം | 97500 | മേൽക്കൂര |
| 27 | ശാമുവൽ ചാക്കോ, മുണ്ടപ്ലാംമൂട്ടിൽ, നാലുന്നാക്കൽ | 102500 | ഭിത്തി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/04.07.16) മറുപടിയായി സാമ്പത്തിക പരാധീനതയാലാണ് ഗുണഭോക്താക്കൾക്ക് വീട്ടുപണി പൂർത്തീകരിക്കുവാൻ സാധിക്കാത്തതെന്നും വായ്പാ കാലാവധി അവസാനിച്ചതിനാൽ ബാങ്ക് വായ്പയിൽ നിന്നും തുക അനുവദിക്കുവാൻ സാധിക്കാത്തതിനാൽ പ്രത്യേകം പ്രോജക്ട് വെച്ച് 2016-17 ൽ തന്നെ വീട് പണി പൂർത്തീകരിപ്പിക്കുവാൻ ശ്രമിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി-വികസനഫണ്ട് വിഹിതം സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ട് നം -181/15

ബിൽ നം - 51401069/23.3.15

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വികസനഫണ്ട് വിഹിതം 230000/- സിഡിഎസ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. നിലവിൽ (1.2.16)സിഡിഎസ് അക്കൗണ്ടിൽ ചലഞ്ച്ഫണ്ട് ഉൾപ്പെടെ 1069428/-ചെലവഴിക്കാൻ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ ആശ്രയ പദ്ധതിക്ക് നൽകിയ തുകയിൽ ചെലവഴിക്കാത്ത തുക കണ്ടെത്തി പദ്ധതികൾ പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് | ഫണ്ട് തരം | ഡിഡി നം./ തീയതി |
|---|---|---|---|---|
| 64/14 | ഐ.എ.വൈ അധികവിഹിതം (ടി.എസ്.പി) | 180000 | വികസനഫണ്ട് (ടി.എസ്.പി) | 204161/ 15.10.2014 |
| 73/14 | ഐ.എ.വൈ അധികവിഹിതം (എസ്.സി.പി) | 877500 | വികസനഫണ്ട് (എസ്.സി.പി) | 204160/ 15.10.2014 |

പ്രസ്തുത ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് ചെയ്ത 1057500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 എസ്.ടി. ഭവനം വൈദ്യുതീകരണം-വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നം | 69/14-15<br>എസ്.ടി. ഭവനം വൈദ്യുതീകരണം |
| ചെലവ് | 8000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ്സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് 4000/-രൂപ വീതം ധന സഹായം നല്കിയിട്ടുണ്ട്, ഇതിൽ അമ്മിണി എം.പി, നായാടിക്കുളം എന്ന ഗുണഭോക്താവിൻ്െറ അപേക്ഷയും ചെലവ് സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഒാഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല, ടി സാഹചര്യത്തിൽ 4000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-6 വീട് പുനരുദ്ധാരണം പ്രോജക്ടുകൾ-വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കേണ്ടതാണ്

വീട് അറ്റകുറ്റപണി/പുനരുദ്ധാരണം/ഭവനഗുണമേന്മാ വർദ്ധനവ് എന്നിവയിലായി 2014-15 വർഷം ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

| പ്രോജക്ട് നം | ഫണ്ട് തരം | ചെലവ് |
|---|---|---|
| 71/15 | വികസന ഫണ്ട് (പൊതുവിഭാഗം) | 500000 |
| 77/15 | വികസന ഫണ്ട് (എസ്.സി.പി) | 200000 |
| 126/15 (SO) | വികസന ഫണ്ട് (പൊതുവിഭാഗം) | 120000 |
| 128/15 (SO) | വികസന ഫണ്ട് (എസ്.സി.പി) | 175000 |
| 217/15 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 525000 |

16.11.2013 ലെ ജി.ഒ(എം.എസ്)362/2013 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ പ്രസ്തുത ധനസഹായത്തിന് അർഹതയുള്ളു. എന്നാൽ മേൽ പ്രോജക്ടുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വീടുകളുടെ കാലപ്പഴക്കം നിർണ്ണയിച്ചത് സംബന്ധിച്ച രേഖകളൊന്നും ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വീട് പുനരുദ്ധാരണത്തിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിലെ രേഖകളുമായി പരിശോധിച്ച് വീടുകളുടെ കാലപ്പഴക്കം കൃത്യമായി നിർണ്ണയിക്കേണ്ടതും ആയത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം സാങ്കേതികാനുമതി ലഭിച്ച 97 പ്രോജക്ടുകളിൽ 86 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ഇവയിലൂടെ 24469 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1 കുടുംബത്തിന് മാത്രമേ തൻവർഷം 100 തൊഴിൽ

ദിനങ്ങൾ നൽകാൻ കഴിഞ്ഞുള്ളു. 971 കുടുംബങ്ങൾക്ക് അൻപതിൽത്താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് പ്രദാനം ചെയ്യാൻ കഴിഞ്ഞത്. തൻവർഷ വരവു-ചെലവു സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 25771 |
| വരവ് | 9477553 |
| ആകെ | 9503324 |
| ചെലവ് | 9503324 |
| നീക്കിയിരിപ്പ് | 0 |

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 800000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക+തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | -- | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(സാ.ധാ.)നം. 823/2010 തീ.11.3.10 | 16102500 | 9216372+800000 | 2619328 | -- | 7397044 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 100/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2009-10 | 2-2 | 100/- | ശ്രീമതി റീന എ., എൽ.ഡി.ക്ലർക്ക് | 11404104760/24.2.15 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 82542251.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60451538 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,61,500 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 10,57,500 | ശ്രീമതി സുജ മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 4,000 | ശ്രീമതി സുജ മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/10.2.99/2.3.99 | 14 | |
| 97-98ഡി. സി. ബി | എൽ.എഫ്.കെ.പി3/289/14/അദാ.14/ 31.3.14 | 5 | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8/994/00/5.1.01/7.5.02 | 17 | |
| 98-99ഡി. സി. ബി | എൽ.എഫ്.കെ.പി1/190/അദാ/22.2.11 | 1 | |
| 99-00 | എൽ.എഫ്.കെ.പി 3/അദാ.2014(1) /31.5.14 | 6 | |
| 00-01, 01-02<br>ജനകീയാസൂത്രണം | എൽ.എഫ്.കെ.പി3/അദാ.2014(3)/7.6.14 | 8 | |
| 1.4.97-30.6.98<br>ജനകീയാസൂത്രണം<br>ചെലവ് | എൽ.എഫ്.കെ.പി8/462/00/16.11.02 | | |
| 01-02 | എൽ.എഫ്.കെ.പി3/<br>അദാ.2014(2)/31.5.14 | 2 | |

| | | | |
|---|---|---|---|
| 02-03 ചെലവ് | എൽ.എഫ്.കെ.പി8/22/05/1.4.05 | 14 | |
| 02-03 ഡി. സി. ബി | എൽ.എഫ്.കെ.പി8/123/08/2.5.09/6.7.09 | 10 | |
| 03-04 വരവ് | എൽ.എഫ്.കെ.പി8/124/08/29.12.09/8.3.10 | 5 | |
| 04-05 | കെ.എസ്.എ-കെ.ടി.എം.പി3/762/ അദാ./15/15.12.15 | 1 | |
| 05-06(വരവ്ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി3/762/ അദാ./15/15.12.15 | 12 | |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി3/567/ അദാ./15/15.12.15 | 8 | |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി3/688/ അദാ./15/15.12.15 | 9 | |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി3/689/ അദാ./15/15.12.15 | 2 | |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി3/690/ അദാ./15/15.12.15 | 3 | |
| 10-11 | കെ.എസ്.എ- കെ.ടി.എം.പി3/813/12/30.6.16 | 2 | |
| 11-12 | കെ.എസ്.എ- കെ.ടി.എം.പി3/1201/13/30.3.16 | 4 | |
| 12-13 | കെ.എസ്.എ- കെ.ടി.എം.പി3/1137/14/1.2.16 | 14 | |
| 13-14 | കെ.എസ്.എ- കെ.ടി.എം.പി3/777/15/10.3.16 | 7 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി3-957/16**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**
**തീയതി: 11.07.2016**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2014-15** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2014-15-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**